## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7374** — **14.7.2014-ൽ മറുപടിക്ക്**

**കൊയിലാണ്ടി നഗരസഭയുടെ പൊതുവികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നഗരസഭയിൽ നിന്ന് പൊതുവികസനവുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും വിശദാംശം വ്യക്തമാക്കുമോ; പദ്ധതിയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | കൊയിലാണ്ടി നഗരസഭയിൽ നിന്ന് പദ്ധതികൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നഗരസഭ പൊതുവികസനത്തിനായി എടുത്തിട്ടുള്ള പ്രധാനപ്പെട്ട പ്രമേയങ്ങൾ എന്തെല്ലാം ; പകർപ്പുകൾ ലഭ്യമാക്കുമോ ? | (ബി) | നാലു പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കൊയിലാണ്ടി നഗരസഭ

☎ Office: 0496 - 2620244, 2620881, Fax: 2620881

**കൗൺസിലിന്റെ 15.06.2011-ലെ 1-ാം നമ്പർ പ്രമേയവും തീരുമാനവും**

കൊയിലാണ്ടി നഗരസഭയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ ആവശ്യമായ നടപടികൾക്ക് അംഗീകാരം നൽകണമെന്ന് കേരള സർക്കാറിനോട് ആവശ്യപ്പെടുന്നു.

അവതാരകൻ: വി.പി. ഇബ്രാഹിം കുട്ടി (കൗൺസിലർ ഒപ്പ്)

അനുവാദകൻ: എ. അസീസ് (കൗൺസിലർ ഒപ്പ്)

തീരുമാനം : പ്രമേയം ഐക്യകണ്ഠേന അംഗീകരിച്ചു.

(ഒപ്പ്)
ചെയർമാൻ
കൊയിലാണ്ടി നഗരസഭ

/ശരിപ്പകർപ്പ്/

സെക്രട്ടറി
കൊയിലാണ്ടി നഗരസഭ

# കൊയിലാണ്ടി നഗരസഭ

## കൗൺസിലിന്റെ 14.08.2012 ലെ 1-ാം നമ്പർ പ്രമേയവും തീരുമാനവും

കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 159 രോഗികളെ കിടത്തി ചികിത്സിക്കാൻ മാത്രം സൗകര്യമുള്ളൂ. ഇവിടെ 300 ൽപരം രോഗികളെ പ്രവേശിപ്പിക്കുന്നുണ്ട്. ശരാശരി 1500 മുതൽ 2000 രോഗികൾ വരെ ദിവസവും താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്നുണ്ട്. 10 വർഷത്തിൽ ഏറെയായി അഞ്ച് നില കെട്ടിടം പണിയാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് വീണ്ടും പുതിയ പ്ലാനും എസ്റ്റിമേറ്റും PWD (ബിൽഡിംഗ്സ്) വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. 3 നിലകളിൽ പണി പൂർത്തിയാക്കുന്നതിന് 13.65 കോടി രൂപയും 5 നിലകളിൽ പണിപൂർത്തിയാക്കുന്നതിന് 16.5 കോടി രൂപയും ആവശ്യമായി വന്നിരിക്കയാണ്. ചികിത്സ തേടിയെത്തുന്നവരുടെ ബാഹുല്യം പരിഗണിച്ച് എത്രയും പെട്ടെന്ന് 5 നില കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ ആവശ്യമായ പണം അനുവദിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ ബന്ധപ്പെട്ടവർ തയ്യാറാകണമെന്ന് ആവശ്യപ്പെടുന്നു.

അവതാരകൻ : വി.പി. ഇബ്രാഹിംകുട്ടി (കൗൺസിലർ) ഒപ്പ്

അനുവാദക : രത്നവല്ലി (കൗൺസിലർ) ഒപ്പ്

തീരുമാനം : പ്രമേയം ഐക്യകണ്ഠേന അംഗീകരിച്ചു

ഒപ്പ്
ചെയർപേഴ്സൺ,
കൊയിലാണ്ടി നഗരസഭ

// ശരിപകർപ്പ് //

സെക്രട്ടറി,
കൊയിലാണ്ടി നഗരസഭ.

എന്നാർ/170912

# കൊയിലാണ്ടി നഗരസഭ



| | | |
|---|---|---|
| കെ. ശാന്ത, | ഓഫീസ്: | +91496-2621913 |
| ചെയർപേഴ്സൺ, | മൊബൈൽ: | +91-9446395147 |
| കൊയിലാണ്ടി നഗരസഭ. | ഫാക്സ്: | +91496-2620881 |

chairpersonkldy@gmail.com


Date: 10.12.2013

സ്വീകർത്താവ്

ശ്രീ.കെ ബാബു.
ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി
കേരള സർക്കാർ
തിരുവനന്തപുരം

സർ,

കൊയിലാണ്ടി നഗരസഭയിലെ തീരദേശത്ത് 2006 ൽ പണി ആരംഭിച്ചിട്ടുള്ള ഫിഷിംഗ് ഹാർബർ 7 വർഷം കഴിഞ്ഞിട്ടും പണി പൂർത്തിയാകാതെ കിടക്കുകയാണ്. 45 കോടി രൂപ ചെലവ് ചെയ്തെങ്കിലും 20 കോടി രൂപയുടെ പണി പൂർത്തിയാക്കാനുണ്ട്. 2012 ഒക്ടോബർ 20 ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ചെങ്കിലും അംഗീകരിച്ചതായി കാണുന്നില്ല. കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയാക്കാൻ കേന്ദ്ര-കേരള സർക്കാറുകൾ അടിയന്തിരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ചെയർപേഴ്സൺ,
കൊയിലാണ്ടി നഗരസഭ.

## കൊയിലാണ്ടി നഗരസഭ

### കൗൺസിലിന്റെ 13.12.11 ലെ 2–ാം നമ്പർ പ്രമേയവും തീരുമാനവും

നിലവിൽ കൊയിലാണ്ടി നഗരസഭ CRZ-2 ൽ ആണ് ഉള്ളത്. ഇത് പ്രകാരം തീരദേശത്ത് നിന്നും 500 മീറ്ററിനുള്ളിൽ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് കഴിയാത്ത സ്ഥിതിയാണുള്ളത്. എന്നാൽ നഗരസഭയെ CRZ-3 ൽ ആക്കി മാറ്റിയാൽ തീരത്ത് നിന്നും 100 മീറ്റർ പരിധിയായി കുറയ്ക്കാൻ കഴിയും. ആയതിനാൽ നഗരസഭയെ CRZ-2 ൽ നിന്ന് CRZ-3 ലേക്ക് മാറ്റാൻ ബന്ധപ്പെട്ട അധികാരികളോട് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

അവതാരകൻ: എ.പി. സുധീഷ് (കൗൺസിലർ) ഒപ്പ്

അനുവാദകൻ: എൻ.വി. രവി (കൗൺസിലർ) ഒപ്പ്

പ്രമേയം ഐക്യകണ്ഠേന അംഗീകരിച്ചു

ഒപ്പ്
ചെയർപേഴ്സൺ.
കൊയിലാണ്ടി നഗരസഭ.

// ശരിപകർപ്പ് //

സെക്രട്ടറി.
കൊയിലാണ്ടി നഗരസഭ.

എആർ/[illegible]2012